(Pages : 3)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**R – 1139**

Reg. No. : ..............................

Name : ..................................

## Sixth Semester B.A. Degree Examination, April 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course XII

## ML 1642 : മലയാളവ്യാകരണം

## (2018 Admission Onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ ഒന്നോ രണ്ടോ വാക്യത്തിലോ ഉത്തരമെഴുതുക.

1. 'വ്യാകരണമിത്രം' എന്ന ഗ്രന്ഥം രചിച്ചതാരാണ്?

2. 'ലീലാതിലക'ത്തിൽ ആകെ എത്ര ശില്പങ്ങളുണ്ട്?

3. 'സംസ്കൃത ഹിമഗിരിഗളിതാ' എന്ന മംഗളശ്ലോകത്തോടെ ആരംഭിക്കുന്ന വ്യാകരണഗ്രന്ഥം ഏത് ?

4. 'സംവൃതോകാര'ത്തിനെ റവ. ജോർജ്ജ് മാത്തൻ വിളിക്കുന്ന പേര്.

5. പദങ്ങളുടെ വർണ്ണമാറ്റങ്ങളോടുകൂടിയ ചേർത്തുവെക്കലിനെ വിളിക്കുന്ന പേര് ?

6. 'ലോപസന്ധി' - വ്യാഖ്യാനിക്കുക.

7. ഉത്ഭവത്തെ അടിസ്ഥാനമാക്കി ദ്യോതകത്തെ വിഭജിച്ചിരിക്കുന്നത് എങ്ങിനെ ?

P.T.O.

8. പ്രകൃതി പ്രമാണിച്ച് എ.ആർ. ക്രിയകളെ എങ്ങനെയെല്ലാം വിഭജിച്ചിരിക്കുന്നു ?

9. അളവിനെ കുറിക്കുന്ന ഭേദകം ഏത് ?

10. 'കൈകാലുകൾ' - സമാസമേത് ?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. 'മലയാളത്തിലെ ലിപികൾ അക്ഷരമാലയുടെ ചിഹ്നങ്ങളാണ്; വർണ്ണമാലയുടേതല്ല' - ഇങ്ങനെ പറയാൻ കാരണമെന്ത് ?

12. 'ഖിലോപസംഗ്രഹം' കുറിപ്പെഴുതുക.

13. ക്രിയയുടെ 'അകർമക-സകർമക' വിഭജനത്തിന്റെ അടിസ്ഥാനമെന്ത് ?

14. വിഭക്ത്യാഭാസം എന്തെന്ന് വിശദീകരിക്കുക.

15. 'നാമാദിയാം വിഭാഗത്തി-
ന്നെല്ലാമർത്ഥം നിയാമകം' - വിശദീകരിക്കുക.

16. കാരകം എന്നാലെന്ത്? ഏതെല്ലാം?

17. വ്യാക്ഷേപകം എന്നാലെന്ത്? ഉദാഹരണമെഴുതുക.

18. നിഗീരണകർതൃകക്രിയ എന്നാലെന്ത്?

19. മുറ്റുവിന-പറ്റുവിന ഇവ എന്തെന്ന് വിശദമാക്കുക.

20. എന്താണ് നാമധാതുക്കൾ?

21. വിധായകപ്രകാരം എന്തെന്ന് നിർവ്വചിക്കുക.

22. അവ്യയീഭാവൻ എന്തെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'അം' അംഗപ്രത്യയമോ ലിംഗപ്രത്യയമോ എന്ന് ചർച്ച ചെയ്യുക.

24. ശബ്ദവിഭാഗത്തിൽ കേരളപാണിനി ഭേദകത്തെ വിഭജിച്ചിരിക്കുന്നത് എങ്ങനെ ?

25. ആഗമസന്ധിയുമായി ബന്ധപ്പെട്ട് വരുന്ന ലീലാതിലക സൂത്രങ്ങൾ ഏവ ? വിശദീകരിക്കുക.

26. വിഭക്തിക്ക് പുതിയ പേരുകൾ നിർദ്ദേശിക്കുന്നതിന് കേരളപാണിനി അവതരിപ്പിക്കുന്ന കാരണങ്ങൾ എന്തെല്ലാം ?

27. അനുനാസികാതിപ്രസരം - അനുനാസികസംസർഗ്ഗം ഇവ തമ്മിലുള്ള വ്യത്യാസം വിവരിക്കുക.

28. പ്രകാരം എന്നാലെന്ത് ? അതിനെ കേരളപാണിനി വിഭജിക്കുന്നതെങ്ങിനെ ?

29. കൃത്തുക്കൾ എന്നാലെന്ത് ? കൃതികൃത്തും കാരകകൃത്തും തമ്മിലുള്ള വ്യത്യാസമെഴുതുക.

30. അനുപ്രയോഗത്തെ കേരളപാണിനി വിഭജിക്കുന്നതെങ്ങിനെ ?

31. സമാസങ്ങളെ എ.ആർ. എങ്ങനെയെല്ലാമാണ് വിഭജിച്ചിരിക്കുന്നത് ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതി വരുന്നതിന് കേരളപാണിനി അവതരിപ്പിക്കുന്ന കാരണങ്ങൾ ഏവ?

33. കൊടുന്തമിഴ് മലയാളമായി മാറിയതിന് കേരളപാണിനി നിർദ്ദേശിക്കുന്ന ഭാഷാനയങ്ങളെക്കുറിച്ച് വിവരിക്കുക.

34. തദ്ധിതം എന്നാലെന്ത്? വിഭാഗങ്ങൾ വിശദമാക്കുക.

35. കേരളപാണിനിയുടെ വാക്യവിഭജനം വിവരിക്കുക.

**(2 × 15 = 30 Marks)**